104 (104) കോഴിക്കോട് എഫ്.സി.ഐ. ഗോഡൗണിൽ ഗോതമ്പ് നശിച്ച സംഭവം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എഫ്.സി.ഐ. ഗോഡൗണിൽ ഗോതമ്പ് കെട്ടിക്കിടന്ന് ഈർപ്പം കാരണം നശിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ടൺ ഗോതമ്പ് നശിച്ചുപോയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) മുൻകരുതലുകൾ സ്വീകരിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭക്ഷ്യ സാധനങ്ങൾ നശിച്ചുപോകാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് എഫ്.സി.ഐ. ഗോഡൗണിൽ ഗോതമ്പ് കെട്ടിക്കിടന്ന് നശിച്ചുപോയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) നശിച്ചുപോകാതിരിക്കുന്നതിനുവേണ്ടി ഗോതമ്പ് ചാക്കുകൾ ക്രേറ്റിൻമേലാണ് വയ്ക്കുന്നത്. പോളിത്തീൻ കവറുകളിൽ പായ്ക്കുചെയ്യുകയും കേടാകാതിരിക്കാൻ ഫ്യൂമിഗേഷൻ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

105 (105) അരിയുടെയും ഗോതമ്പിന്റെയും ബഫർ സ്റ്റോക്ക്

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചമാസങ്ങളിൽ പൊതുവിതരണ കേന്ദ്രങ്ങളിൽ കൂടി വിതരണത്തിനായി അരിയുടേയും ഗോതമ്പിന്റേയും ബഫർ സ്റ്റോക്ക് ഉണ്ടോ;

(ബി) പ്രസ്തുത മാസങ്ങളിൽ അരിയും ഗോതമ്പും കൂടിയ തോതിൽ വിതരണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധാരണ റേഷന് പുറമേ ആവശ്യമുള്ള കുടുംബങ്ങൾക്ക് സ്പെഷ്യൽ അരിയും വിതരണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly